ഉത്തരം

(എ) 5.54 ഏക്കർ സ്ഥലം 'അഡാക്ക്' വിലയ്ക്കെടുത്തിട്ടുണ്ട്. ഇതിനായി 86.79 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) കുവൈറ്റ് സാമ്പത്തികസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിന് വിദേശ സാങ്കേതിക വിദഗ്ദരുടെ സഹായവും ആവശ്യമായിരുന്നു. എന്നാൽ കുവൈറ്റ് പദ്ധതിയുടെ കാലാവധി 31-3-1998-ൽ അവസാനിക്കുകയും സാമ്പത്തികസഹായം ലഭിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ തദ്ദേശ സാങ്കേതികവിദ്യ ഉപയോഗിച്ച് ചെമ്മീൻ കുഞ്ഞുൽപ്പാദനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) നിയമതടസ്സങ്ങളൊന്നും നിലവിലില്ല. ചെമ്മീൻകുഞ്ഞ് ഉൽപ്പാദനത്തിനുള്ള "തള്ള ചെമ്മീനു"കളെ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം മുതലപ്പൊഴിയുടെ വികസനത്തോടുകൂടി പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

മാനവീയം സാംസ്കാരികമിഷൻ

158 (917) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം സാംസ്കാരിക മിഷൻ ഔപചാരികമായി ആരംഭിച്ചതെന്നാണ് ;

(ബി) ഇത് എന്നവസാനിച്ചു ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു ; ഇവ എത്രമാത്രം സാക്ഷാത്കരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) മാനവീയത്തിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം കലാപരിപാടികൾ നടത്തിയതെന്നും എവിടെയെല്ലാം വച്ചാണ് ഇവ നടത്തിയതെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഏതെല്ലാം കലാകാരന്മാരാണ് ഈ കലാപരിപാടികൾ അവതരിപ്പിച്ചത് ; ഇവർക്ക് ഓരോരുത്തർക്കും എന്തു പ്രതിഫലം വീതം നൽകി ;

(എഫ്) ഈ കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി എന്തു ചിലവു വന്നു ;

(ജി) മാനവീയം സംഘാടകർക്ക് ടി. എ., ഡി. എ മറ്റു ചെലവുകൾ എന്നിവയിൽ എന്തു ചിലവു വന്നുവെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പ്രസ്തുത കരാപരിപാടികൾ നടത്തുകവഴി സംസ്ഥാനത്ത് അവഗണിക്കപ്പെട്ടു കിടക്കുന്ന കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യം എത്ര മാത്രം നേടാൻ കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മാനവീയത്തിനുവേണ്ടി 1999-2000, 2000-2001 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ എന്തു തുക വീതം വകയിരുത്തിയിരുന്നു ;

(ജെ) 1999-2000 വും 2000-2001 -ൽ ഇതുവരെയും എന്തു തുക വീതം ചെലവഴിച്ചു എന്നു പറയുമോ ?

ഉത്തരം

(എ) 1-11-1999-ൽ ആരംഭിച്ചു.

(ബി) പ്രവർത്തനങ്ങൾ അവസാനിച്ചിട്ടില്ല.

(സി) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതോടൊപ്പം കലാ സാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുവാനും നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുവാനും വിവിധ വകുപ്പുകളും തദ്ദേശ ഭരണസ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തുന്ന വികസന പരിപാടിക്ക് പ്രത്യേകിച്ച് പാർപ്പിടം, കുടിവെള്ളം, പരിസരാരോഗ്യം എന്നീ രംഗങ്ങളിൽ ഗതിവേഗം വർദ്ധിപ്പിക്കാനും ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും ആവശ്യമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ നടപ്പാക്കുകയുമായിരുന്നു ഉദ്ദേശലക്ഷ്യങ്ങൾ.

വിവിധ വിഷയങ്ങളെപ്പറ്റി സെമിനാർ ശിൽപശാല, ചിത്രകലാ ക്യാമ്പ് സംഗീതം, നാടകം, നൃത്തം എന്നീ പരിപാടികൾക്ക് പുറമേ ലോക പ്രശസ്ത കലാകാരന്മാരുടെ കലാപരിപാടികൾ, മാജിക്, എന്നിവയും നടത്തി.

വിവിധ സ്ഥലങ്ങളിൽ വിശ്രമ സങ്കേതങ്ങൾ, വെയിറ്റിംഗ് ഷെഡുകൾ, കുടിവെള്ള പ്രശ്നം എന്നിവ പരിഹരിക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ഡി) മാനവീയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കലാപരിപാടികളുടെ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ഇ) പ്രധാനകലാകാരന്മാർക്ക് നൽകിയ തുകയുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

(എഫ്) 33,23,222 രൂപ (മുപ്പത്തിമൂന്നു ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട്) ചെലവു വന്നിട്ടുണ്ട്.

(ജി) യാത്രപ്പടിയിനത്തിൽ 58,442 രൂപായും ശമ്പളയിനത്തിൽ 8,54,106 രൂപയും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ 17,352 രൂപയും ലൈറ്റ് റിഫോഴ്സ്മെന്റ് ഇനത്തിൽ 34,266 രൂപയും ഉൾപ്പെടെ 9,64,166 രൂപ (ഒൻപതു ലക്ഷത്തി അറുപത്തിനാലായിരത്തി ഒരു നൂറ്റി അറുപത്തിയാറുരൂപ) ചെലവായി.

(എച്ച്) വിദ്യാർത്ഥികൾക്ക് നാടൻകലാരൂപങ്ങളെ പരിചയപ്പെടുത്തി കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഫോക്ലോർ അക്കാദമി നാട്ടുപൊലിമ എന്ന പരിപാടി കോഴിക്കോട് സംഘടിപ്പിച്ചു. എറണാകുളത്ത് നാടൻ കലാസംഗമം,

† അനുബന്ധം XVII, XVIIA

LIBRARY ARCHIVES Kerala Legislative Assembly

കനകക്കുന്നിൽ തിറയാട്ടം എന്നിവ നടത്തി. നാടൻകലാ അക്കാഡമി, സംസ്ഥാനതലനാടൻ പാട്ടുകൾ സംഘടിപ്പിക്കുകയും പാരമ്പര്യ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുകയും പാരമ്പര്യ കലാകാരന്മാരെ ആദരിക്കുകയും ചെയ്യുകയുണ്ടായി.

(ഐ) ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എങ്കിലും 1999-2000 വർഷത്തിൽ ഒരു കോടി രൂപയും 2000-2001 വർഷത്തിൽ അൻപതു ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(ജെ) 1999-2000-ൽ 89,18,933 രൂപയും (എൺപത്തിയൊൻപതു ലക്ഷത്തി പതിനെണ്ണായിരത്തി തൊള്ളായിരത്തി മുപ്പത്തി മൂന്ന് രൂപാമാത്രം) 2000-2001 ൽ 58,81,067 രൂപയും (അൻപത്തിയെട്ടു ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുപത്തിയേഴു രൂപ) ചെലവഴിക്കുകയുണ്ടായി.

തിരുവനന്തപുരത്ത് നടത്തിയ പുഷ്പോത്സവം

159 (918) ശ്രീ. ബി. വിജയകുമാർ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം മിഷന്റെയും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഈ വർഷം തിരുവനന്തപുരത്ത് പുഷ്പോൽസവം നടത്തുകയുണ്ടായോ ;

(ബി) എന്നുമുതൽ എന്നുവരെയാണ് ഈ ഉത്സവം നടത്തിയത് ;

(സി) 26-1-2001 -ൽ ഗുജറാത്തിൽ ഭൂകമ്പദുരന്തമുണ്ടായ ദിവസവും തുടർന്നുള്ള ദിവസങ്ങളിലും പുഷ്പോത്സവം നടന്നയിടത്ത് എന്തെല്ലാം വിധത്തിലുള്ള ആഘോഷ പരിപാടികളുണ്ടായിരുന്നു ;

(ഡി) നിരവധി കേരളീയരുൾപ്പെടെ ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ട ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പുഷ്പോത്സവം പോലുള്ള ആഘോഷങ്ങൾ നടത്തിയത് ഉചിതമാണോ ;

(ഇ) അല്ലാത്തപക്ഷം പ്രസ്തുത ആഘോഷം നിർത്തി വയ്ക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മാനവീയം സാംസ്കാരിക മിഷന് പുഷ്പോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധമില്ല. എന്നാൽ മാനവീയത്തിന്റെ സമാപനപരിപാടികൾ ജനുവരി 26 മുതൽ 31 വരെ പുഷ്പോത്സവത്തോടൊപ്പം നടത്തുകയുണ്ടായി.

(ബി) ജനുവരി 20 മുതൽ 31 വരെയാണ് പുഷ്പോത്സവം നടത്തിയത്.

(സി) 26-1-2001 മുതൽ തിരുവനന്തപുരം കനകക്കുന്നിൽ നിശാഗന്ധി, സൂര്യകാന്തി, ഓഡിറ്റോറിയങ്ങളിൽ മുൻ തീരുമാനമനുസരിച്ച് സക്കീർ ഹുസൈൻ,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 158 (917)-ന്റെ ഉത്തരം കാണുക]

മാനവീയം സാംസ്കാരിക മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടികളുടെ വിവരം

ഹിന്ദുസ്ഥാനി സംഗീത കച്ചേരി -	തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്
കർണ്ണാടക സംഗീത കച്ചേരി -	തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്
താളവാദ്യ കച്ചേരി -	തിരുവനന്തപുരം
സിത്താർ കച്ചേരി -	തിരുവനന്തപുരം
കഥകളി -	തിരുവനന്തപുരം
സരോദ് കച്ചേരി -	തിരുവനന്തപുരം, കൊല്ലം
വയലിൻ കച്ചേരി -	കോട്ടയം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ്
ഡാൻസ് -	തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്.
നാടകം -	കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം.
നൃത്തശിൽപ്പം -	തിരുവനന്തപുരം, എറണാകുളം, കോട്ടയം, പത്തനംതിട്ട, പാലക്കാട്.
വിദേശരാജ്യങ്ങളിൽനിന്നുള്ള വിവിധ കലാസംഘത്തിന്റെപരിപാടികൾ	തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

പുല്ലാങ്കുഴൽ കച്ചേരി - തിരുവനന്തപുരം, കൊല്ലം, എറണാകുളം.

സന്തൂർ കച്ചേരി - തിരുവനന്തപുരം.

സാരങ്കി കച്ചേരി - തിരുവനന്തപുരം.

ഡ്രം - തിരുവനന്തപുരം, കൊല്ലം.

ചിത്രരചന - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്.

മാപ്പിളപ്പാട്ട് ആന്റ് ദഫ്മുട്ട് - തിരുവനന്തപുരം

മാജിക് - തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

വൃക്ഷചിത്രപ്രദർശനം - തിരുവനന്തപുരം, കൊല്ലം.

ബംഗറ ഡാൻസ് - തിരുവനന്തപുരം

പരിപാടിയുടെ പേര്	കലാകാരന്റെപേര്	അവതരിപ്പിച്ച പരിപാടിയുടെ എണ്ണം	നൽകിയ പ്രതിഫലം (ലക്ഷം രൂപ)
1	2	3	4
ഹിന്ദുസ്ഥാനി സംഗീതകച്ചേരി	കിഷോരി അമോങ്കർ	1	1.75
താളവാദ്യകച്ചേരി	ഉമയാൾപുരം ശിവരാമൻ	2	0.35
	പല്ലാവൂർ കുഞ്ഞിക്കുട്ടമാരാർ	2	0.10
	മാർഗ്ഗി കൃഷ്ണദാസ്	1	0.03
കർണ്ണാടക സംഗീത കച്ചേരി	പാലക്കാട് കെ. വി. നാരായണസ്വാമി	1	0.25
സിത്താർ കച്ചേരി	പണ്ഡിറ്റ് രവിശങ്കർ	1	8.00
തബല	ദേവപ്രിയ ചാറ്റർജി	1	0.10
കഥകളി	മാർഗ്ഗി	1	0.05
നൃത്തശിൽപ്പം	കേരള കലാമണ്ഡലം	1	0.05
സരോദ് കച്ചേരി	ഡോ. ഷരൺറാണി	1	0.25
ചിത്രരചന	എം. എഫ്. ഹുസൈൻ-	1	-
	150 മലയാളി ചിത്രകാരന്മാർ	1	1.54
തബല & ഡാൻസ്	സക്കീർഹുസൈൻ ആന്റ് ശോഭന	1	2.50
ഡ്രംസ്	ശിവമണി	2	0.75
ഹിന്ദുസ്ഥാനി സംഗീതകച്ചേരി	ഉസ്താദ് റഷീദ്ഖാൻ	1	1.10

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
സരോദ് കച്ചേരി	ഉസ്താദ് അലി അക്ബർഖാൻ	2	4.00
പുല്ലാങ്കുഴൽ	ഹരിപ്രസാദ് ചൗരസ്യ	3	1.30
സന്തൂർ	ശിവകുമാർ ശർമ്മ	1	0.50
ഡാൻസ്	മല്ലികാസാരാഭായിയും സംഘവും	1	0.50
ഡാൻസ്	താരാകല്യാണും സംഘവും	3	0.28
മാപ്പിളപ്പാട്ടും ദഫ്മുട്ടും	വി. എം. കുട്ടിയും സംഘവും	1	0.35
താളവാദ്യകച്ചേരി	ജി. എസ്. രാജനും സംഘവും	1	0.45
വിസിൽ കച്ചേരി	വസന്താമണി	1	0.05
മാജിക് (വിസ്മയം 2000)	ഗോപിനാഥ് മുതുകാട്	1	0.25
നാടകം	മധുകൊട്ടാരത്തിൽ	2	0.15
നാടകം	തൃശ്ശൂർ നാടകസംഘം (13 ജില്ലയിൽ നാടകം നടത്തി മാനവീയംനൽകിയ ചെലവ് മാത്രം ചേർക്കുന്നു.ബാക്കി തുക സംഗീത നാടക അക്കാദമിയാണ് നൽകിയത്.	13	0.05
നൃത്തശിൽപ്പം (സംവിധാനം)	നവതേജ്സിംഗ് ജോഹർ	3	0.75
സംഘഗാനം	ദേവരാജൻ മാസ്റ്ററും സംഘവും	1	0.39
ഹിന്ദുസ്ഥാനി വയലിൻ	ഡോ. എൻ. രാജം	2	0.50
ഹിന്ദുസ്ഥാനി സംഗീതകച്ചേരി	ലളിതാശർമ്മ	8	0.60
ഡാൻസ്	വി. പി. ധനഞ്ജയൻ	2	0.50
ഭരതനാട്യം	അനന്താശങ്കർജയന്ത്	2	0.30
ഇടയ്ക്ക	പല്ലാവൂർ അപ്പുമാരാർ	1	0.02
ചെണ്ട	മട്ടന്നൂർ ശങ്കരൻകുട്ടി	3	0.12
കർണ്ണാടക സംഗീതകച്ചേരി	പ്രിൻസ് അശ്വതിതിരുനാൾ രാമവർമ്മ	2	0.15
കർണ്ണാടക സംഗീതകച്ചേരി	വിനയചന്ദ്രൻ ആന്റ് രാമസ്വാമി	3	0.30
പഞ്ചവാദ്യം	ശ്രീ. പത്മനാഭപഞ്ചവാദ്യം (സംഘടന)	2	0.10
കർണ്ണാടിക് സംഗീതം	സുകുമാരി നരേന്ദ്ര മേനോൻ	1	0.04
ഭരതനാട്യം	രാജശ്രീ വാര്യർ	2	0.20
ഡാൻസ്	റിഗാറ്റ ഗിരിജ	2	0.10
കർണ്ണാടിക് സംഗീതം	മണ്ണൂർ രാജകുമാരനുണ്ണി	2	0.08
ഡാൻസ്	പല്ലവികൃഷ്ണൻ	2	0.15
കർണ്ണാടിക് സംഗീതം	വി. ആർ. ദിലീപ്കുമാർ	2	0.08
ഹിന്ദുസ്ഥാനി സംഗീതം + കർണ്ണാടിക് സംഗീതം (ജുഗൽബന്ദി)	രമേഷ്നാരായണൻ & രാജ്കുമാർ ഭാരതി	2	0.40
ഡാൻസ്	മൈഥിലി (മിഥിലാലയ ഡാൻസ്ഗ്രൂപ്പ്)	2	0.20
കർണ്ണാടിക് സംഗീതം	വർക്കല സി. എസ്. ജയറാം	2	0.08

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
കർണ്ണാടിക് സംഗീതം	ഡോ. ഓമനക്കുട്ടി	2	0.15
കർണ്ണാടിക് സംഗിതം	സി. എസ്. സജീവ്	2	0.08
വയലിൻ കച്ചേരി (കർണ്ണാടിക്)	പി. പി. രാമകൃഷ്ണൻ	2	0.08
കർണ്ണാടിക് സംഗീതം	തിരുവനന്തപുരം കൃഷ്ണകുമാർ	2	0.15
കർണ്ണാടിക് സംഗീതം	ശരത്	2	0.12
ഡാൻസ്	ദക്ഷാസേത്	2	0.20
കർണ്ണാടക സംഗീതം	എൻ. പി. രാമസ്വാമി	1	0.10
ഡാൻസ്	നീനാപ്രസാദ്	2	0.20
തബല	ശുഭാശങ്കർ ബാനർജി	1	0.10
സാരംഗി	ഉസ്താദ് സുൽത്താൻഖാൻ	1	0.25
തബല	ഫസൽ ഖുറേഷി	3	0.85
ഡ്രം	തൗഫീഖ് ഹുസൈൻ	1	0.10
തബല	സ്വപൻ ചൗധരി	2	0.60
ഡാൻസ്	ഗുരുഗോപിനാഥ് നടനകേന്ദ്രം	1	0.01
ഗാനമേള	യൂണിവേഴ്സിറ്റി പ്രതിഭകൾ	1	0.02
മറ്റ് കലാപരിപാടികൾ	യൂണിവേഴ്സിറ്റി പ്രതിഭകൾ	2	0.06
കുട്ടികളുടെ പരിപാടി	പൂജപ്പുര മൈത്രിറസിഡന്റ്സ് അസോസിയേഷൻ	1	0.05
101 മണിക്കൂർ നീണ്ടുനിന്ന സംഗീത അർച്ചന	310 സംഗീതജ്ഞർ	1	1.54
പോളണ്ടിൽ നിന്നുള്ള കലസംഘം	(പ്രതിഫലം നൽകിയിട്ടില്ല)	5	-
ബൽജിയം	(പ്രതിഫലം നൽകിയിട്ടില്ല)	1	-
മാലോയൻ ദ്വീപ്	നൃത്തശിൽപ്പം	1	
നെതർലാന്റ്	നൃത്തശിൽപ്പം	1	1
ഫ്രാൻസ്	നൃത്തശിൽപ്പം	1	-
ജർമ്മനി	നൃത്തശിൽപ്പം	1	-
റഷ്യ	നൃത്തശിൽപ്പം	2	-
വിയറ്റ്നാം	നൃത്തശിൽപ്പം	1	-
ചിലി	നാടകം	2	-
ഐർലാന്റ്	നൃത്തം	1	-
ബംഗാര നൃത്തം	പഞ്ചാബ് സാംസ്കാരിക സംഘം	6	-
നൃത്തം	ഗോവൻ സാംസ്കാരിക സംഘം	6	-
നൃത്തനൃത്യങ്ങൾ	പശ്ചിമബംഗാൾ	7	-
	ആകെ	157	34.42

LIBRARY ARCHIVES Kerala Legislative Assembly